# വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സർക്കാർ)**

സ്റ്റേറ്റ് ഇംപ്ളിമെന്റേഷൻ സെൽ
ഡയറക്ടറേറ്റ് ഓഫ് ട്രെയ്നിംഗ്
തൈയ്ക്കാട്, തിരുവനന്തപുരം– 695 014

നമ്പർ. എസ്.ഐ.സി. 19272 /എം.ഇ.എസ്/13 തിയതി .10.2013

**മെമ്പർ സെക്രട്ടറി**

**സർക്കാർ വകുപ്പ് മേധാവികൾ**
**പൊതു മേഖലാ സ്ഥാപന മേധാവികൾ**
**അർദ്ധ സർക്കാർ / സ്വയംഭരണ സ്ഥാപന മേധാവികൾ**

ബഹുമാന്യരേ,

**വിഷയം :–** **ദേശീയ നൈപുണ്യ വികസന നിയം – സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം – വകുപ്പുകളുടെയും സ്ഥാപനങ്ങളു ടെയും ഏകോപനം സംബന്ധിച്ച്**

2022 വർഷമെത്തുമ്പോൾ രാജ്യത്തെ 500 ദശലക്ഷം ജനങ്ങൾ വിവിധ തൊഴിലുകളിൽ നൈപുണ്യമാർജിക്കണമെന്ന് നമ്മുടെ ദേശീയ നൈപുണ്യ വികസന നയം (നാഷണൽ സ്കിൽ ഡവലപ്മെന്റ് പോളിസി) ലക്ഷ്യമിടുന്നു. ഈ നേട്ടം കൈവരിക്കുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയം ആവിഷ്ക്കരിച്ച്, ഡയറക്ടർ ജനറൽ ഓഫ് എംപ്ളോയ്മെന്റ് ആൻഡ് ട്രെയ്നിംഗ് (ഡി.ജി.ഇ&റ്റി) ദേശീയ തലത്തിൽ 'സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം (എസ്.ഡി.ഐ സ്കീം)' നടപ്പിലാക്കിയിരി ക്കുകയാണ്. ഈ പദ്ധതിവഴി ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരും, പരമ്പരാഗത തൊഴിലാളി കളും ഏതെങ്കിലും തൊഴിലുകളിൽ അഭിരുചിയുള്ളവരുമായ 14 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സൗജന്യമായി മോഡുലാർ എംപ്ളോയബിൾ സ്കിൽ (എം.ഇ.എസ്) കോഴ്സുകളിൽ പരിശീലനം നൽകുന്നു. തൊഴിൽ / വ്യവസായ മേഖലകളിലുള്ള 74 സെക്ടറുകളിലെ 1500ൽ പരം കോഴ്സുകളടങ്ങുന്നതാണ് എം.ഇ.എസ്. 90 മുതൽ 500 വരെ മണിക്കൂറുകൾ ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അന്തരദേശീയ അംഗീകാരമുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിംഗ് (എൻ.സി.വി.ടി) സർട്ടിഫിക്കറ്റ് ലഭിക്കും.

സംസ്ഥാനത്ത്, തൊഴിലും പുനരധിവാസവും മന്ത്രാലയത്തിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പിനാണ് സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീമിന്റെ ഏകോപന ചുമതല.സർക്കാർ/സ്വകാര്യഐടിഐ കളും നിയമാനുസൃതമുള്ള സ്വകാര്യ

സംരംഭകരും ഉൾപ്പെടെ 200 പരം സ്ഥാപനങ്ങൾ എം.ഇ.എസ് കോഴ്സ് നടത്തുന്ന വൊക്കേഷണൽ ട്രെയ്നിംഗ് പ്രൊവൈഡർ (വിടിപി)കളായി പ്രവർത്തിച്ചു വരികയാണ്. ഇത്തരം വിടിപികൾക്ക്, ഒരു ട്രെയ്നിയ്ക്ക് ഒരു മണിക്കൂറിന് 25/- രൂപ നിരക്കിൽ പരിശീലനഫീസ് പദ്ധതി ഫണ്ടിൽ നിന്നും ലഭിക്കും.

ദാരിദ്ര്യവും സ്ഥിരവരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനു പുറമേ അതിവേഗം വളരുന്ന വ്യവസായ/തൊഴിൽ മേഖല ആവശ്യപ്പെടുന്ന നൈപുണ്യമാർന്ന മാനവശേഷി വികസിപ്പിച്ചെടുക്കുകയാണ് പദ്ധതിയുടെ പരമമായ ലക്ഷ്യം. ഇതിന് സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ / സ്വയം ഭരണ സ്ഥാപനങ്ങൾക്കും സ്കിൽ ഡവലപ്മെന്റ് പദ്ധതിയിൽ തനതായ പങ്കാളിത്തം നിറവേറ്റാൻ കഴിയും. സമ്പൂർണ്ണ സാക്ഷരത എന്ന മഹത്തായ നേട്ടത്തിനു പിന്നിലുണ്ടായ യജ്ഞസമാനമായ പ്രയത്നം 'സമ്പൂർണ നൈപുണ്യം' (Skilling Kerala) എന്ന് പുതിയ ലക്ഷ്യം കൈവരിക്കുന്നതിനും സജ്ജമാക്കേണ്ടത് അനിവാര്യമായിരിയ്ക്കുന്നു.

അങ്ങയുടെ വകുപ്പ്/ സ്ഥാപനം മേൽപ്പറഞ്ഞ ദൗത്യത്തിൽ സാധ്യമാകുന്ന പ്രവർത്തനങ്ങൾ തീരുമാനിക്കുമെന്ന് പ്രത്യാശിക്കുന്നു.

വിശദവിവരങ്ങൾ www.det.kerala.gov.in എന്ന വെബ് സൈറ്റിലെ **MES** click ചെയ്താൽ ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്കു ശ്രീ. ബി. ജസ്റ്റിൻരാജ്, ജോയിന്റ് ഡയറക്ടർ, ഇൻചാർജ്ജ് ഓഫ് SIC & MES മായി ബന്ധപ്പെടുക. (ഫോൺ: 9447750652)

വിശ്വസ്തതയോടെ,

മെമ്പർ സെക്രട്ടറി
(ട്രെയ്നിംഗ് ഡയറക്ടർ)